കൊണ്ട് ഉൽകൃഷ്ടനായ ഒരാളായിരുന്നാലും അദ്ദേഹത്തിന് ഇംഗ്ലീഷ് ഭാഷയിൽ നല്ല പരിജ്ഞാനമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ ഭരണകാലത്ത് ചില എഴുത്തുകുത്തുകൾ മലയാളത്തിൽ നടത്താമെന്നൊരു ജ. ഒ. ഉള്ളതായി എനിക്കറിയാം. ആയുർവേദ ഡയറക്ടർക്ക് ഇംഗ്ലീഷ് ഭാഷ പരിജ്ഞാനമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ ആഫീസിൽ ഇംഗ്ലീഷ് അറിയാവുന്നവർ ചിലപ്പോൾ അദ്ദേഹത്തെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നു എന്നുള്ള ഒരു ശങ്കക്കും അവകാശമുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ എഴുത്തുകളെല്ലാം മലയാളത്തിൽ തന്നെ ആക്കുന്നതിനു അനുവദിക്കേണ്ടതാണ്.

സർ, ആയുർവേദ വൈദ്യശാലകൾ സ്ഥാപിക്കുന്നതു ദയവു ഓത്തു, ദൈവത്തെ വിചാരിച്ചു് മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റേയോ ഫെൽത്തു ഡിപ്പാർട്ടുമെന്റിന്റേയോ പ്രവർത്തനങ്ങളുള്ള പട്ടണങ്ങളിൽ ആയിരിക്കരുതു് എന്നു് ഞാൻ അപേക്ഷിക്കുന്നു. വൈക്കത്തു് ഒരു ഡിസ്പെൻസറി ആശുപത്രിയുണ്ടു്. അതിന്റെ മുക്കാൽ ഫർലാംഗ് അകലെ ഒരു വൈദ്യശാലയുമുണ്ടു്. നേരേമറിച്ചു് വൈക്കം ടൗണിൽ നിന്നും ഫർ-ം, ഫ ൈ-ം, ഫ ം-ം, മൈൽ അകലെ അലോപ്പതിയുടേയോ, ആയുർവേദത്തിന്റേയോ, സിദ്ധവൈദ്യത്തിന്റേയോ, എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ മി: ഡി. ഫ റാൻസിസിന്റെ ഇലയിൽ നിന്നും വേരെടുക്കുന്ന തെരമ്പു വൈദ്യത്തിന്റേയോ സഹായമില്ലാതെ കഷ്ടത്തിലും കഴപ്പത്തിലും സ്ഥിതിചെയ്യുന്ന ഗ്രാമങ്ങളിൽ ആയുർവേദ വൈദ്യശാലകൾ സ്ഥാപിച്ചുകൊടുക്കുകയാണു് വേണ്ടതു്. ഞാൻ ഇതുയും പറഞ്ഞതുകൊണ്ടു് വൈക്കം ടൗണിലെ വൈദ്യശാല മാറ്റണമെന്നല്ല അർത്ഥം. ആശുപത്രികളോ ഡിസ്പെൻസറികളോ ഇല്ലാത്ത ഗ്രാമങ്ങളിൽ കുഗ്രാമങ്ങളിൽ ആയുർവേദ. വൈദ്യശാലകൾ സ്ഥാപിക്കുന്നതു് നന്നായിരിക്കും. അതുപോലെ തന്നെ ഗതാഗതസൗകര്യം തീരെ ഇല്ലാത്ത പ്രദേശങ്ങളിൽ വൈദ്യശാലകൾ സ്ഥാപിച്ചുകൊടുക്കണം. അമ്പലപ്പുഴ താലൂക്കിൽ പ്രത്യേകിച്ചു് കുട്ടനാടൻ പ്രദേശങ്ങളിൽ ഒരു പകുതിക്കു് ഒരു വൈദ്യശാലവീതം കൊടുത്താലും അതു് ഒട്ടും അധികമാവുകയില്ല. അവിടങ്ങളിൽ റോഡില്ല. കൊച്ചുവള്ളങ്ങളിൽ കയറിവേണം പോകാൻ. അങ്ങനെയുള്ള സ്ഥലങ്ങളിൽ വൈദ്യസഹായമില്ലാതെ വന്നാൽ എത്രമാത്രം വിഷമങ്ങൾ അനുഭവിക്കേണ്ടിവരുമെന്നുള്ളതു് ഡിപ്പാർട്ടുമെന്റു് ആലോചിക്കേണ്ടതാണു്.

അവസാനമായി എനിക്കു പറയുവാനുള്ളതു് ആയുർവേദ ഡിപ്പാർട്ടുമെന്റിലെ ചില നിയമനങ്ങളെ സംബന്ധിച്ചാണു്. അവിടെ ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

ടത്തിയിട്ടുള്ള നിയമനങ്ങളെ സൂക്ഷിച്ചു നോക്കിയാൽ ചില ജാതിക്കാരെ പുറംതള്ളുകയും ചില ജാതിക്കാരുടെ അവകാശങ്ങളെ വിഴുങ്ങിക്കയും ചെയ്യുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ ആയുർവേദ ഡയറക്ടർ വളരെ ദയാലുവാണെന്നു എനിക്കറിയാം.

(At this stage the Dewan President took the chair.)

PRESIDENT : Order, Oredr. I have been noticing for some time that the honourable members on the Government Benches are frequently absent. It is their duty as members of the Legislature to pay due attention to the work of the Legislature. If honourable members on the Government Benches are absent, they owe an explanation, unless they have to be away for adequate reasons, to the House and the President.

MR. K. R. NARAYANAN : ഇപ്പോഴത്തെ ആയുർവ്വേദ ഡയറക്ടർ വളരെ ദയാലുവാണെന്നും, വളരെ ആശ്രിതവാത്സല്യം ഉള്ളവനാണെന്നും എനിക്കറിയാം. അദ്ദേഹത്തിന്റെ ദയാലുത്വവും ആശ്രിതവാത്സല്യവും എന്റെയും, എന്നെപ്പോലെ അദ്ദേഹത്തെ അടുത്തു ആശ്രയിച്ചു നിൽക്കാൻ സൗകര്യമില്ലാത്ത സമുദായങ്ങളുടേയും അവകാശങ്ങളും നഷ്ടപ്പെട്ടു പോകാനിടയാക്കുന്നു എന്നു പറയുവാൻ ഞാൻ ഏറ്റവും നിർബന്ധിതനായിരിക്കുന്നു. ആശ്രിതവാത്സല്യം സ്വാഭാവികമാണ്-മനുഷ്യന്റെ ഗുണമാണ്—പക്ഷെ അതു അദ്ദേഹത്തെ അറിയാനും അദ്ദേഹത്തോടു അടുത്തു കാര്യങ്ങളും പറയുവാനും സൗകര്യമില്ലാത്ത സമുദായങ്ങളിൽ ജനിച്ചുവക്കു ആയുർവ്വേദഡിപ്പാർട്ടുമെന്റിലെ നിയമനവിഷയത്തിൽ ഉപദ്രവകരമായി വരുന്നു എങ്കിൽ അതേറ്റവും സങ്കടകരമായിരിക്കുമെന്നു പറയാതിരിക്കാൻ നിവർത്തിയില്ല. ഇതുയും വിമർശനത്തോടുകൂടി ഇന്നത്തെ ആയുർവ്വേദഡയറക്ടരുടെ പാണ്ഡിത്യവും സാമർത്ഥ്യവും എനിക്കു നല്ലപോലെ അറിയാമെന്നും, ആയുർവ്വേദ ഡിപ്പാർട്ടുമെന്റിന്റേയും, മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റേയും സഹായം അശേഷം ഇല്ലാത്ത ഗ്രാമങ്ങളിലേക്കു പ്രത്യേകിച്ചു കുഗ്രാമങ്ങളിലേക്കു ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധ തിരിക്കണമെന്നും പറഞ്ഞുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

MR. E. E. PANDARATHIL : ആയുർവ്വേദ ഡയറക്ടർ അദ്ദേഹത്തിന്റെ സ്വന്ത സമുദായത്തിൽപ്പെട്ട വല്ലവരോടും വല്ല പ്രത്യേകതയും കാണിച്ചിട്ടുണ്ടോ എന്നറിയാമോ ?

MR. K. R. NARAYANAN : അദ്ദേഹത്തിന്റെ സ്വന്ത സമുദായത്തോടു യാതൊരു പ്രത്യേകതയും കാണിച്ചിട്ടില്ലെന്നു മാത്രമല്ല അവർ ആഗ്രഹിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാതിരിയിലുള്ള പ്രോത്സാഹനവും നൽകിയിട്ടില്ലെന്നും എനിക്കറിയാം.

MR. T. T. KESAVAN SASTRI : സർ, ആയുർവ്വേദ ഡിപ്പാർട്ടുമെൻറിനേയും ആ ഡിപ്പാർട്ടുമെൻറിൻെറ ഭരണത്തേയും സംബന്ധിച്ച് എനിക്കുണ്ടായിട്ടുള്ള അഭിപ്രായം പ്രകടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറ് അഥവാ ആയുർവ്വേദവകുപ്പ് പ്രശസ്തിയും പാരമ്പര്യവും അർഹിക്കുന്നതാണ്. ആയുർവ്വേദ ചികിത്സയുടെ പ്രയോജനം അലോപ്പതി ചികിത്സകൾക്കുടി സമ്മതിക്കാതിരിക്കയില്ല. ഈ വകുപ്പിന് ഇപ്പോൾ ഗവൺമെൻറ് നൽകുന്ന പ്രോത്സാഹനം തീരെ മതിയാകുന്നില്ലെന്നാണ് ഞാൻ പറയുന്നത്. പ്രതിവർഷം ആയുർവ്വേദ വൈദ്യശാലകൾക്ക് ഗ്രാൻറുകൾ കൂടുതൽ നൽകിയും മറും ഗവൺമെൻറ് ചെയ്യുന്ന സഹായം മറന്നിട്ടല്ല ഞാൻ ഈ അഭിപ്രായം പറയുന്നത്. രോഗികൾക്കു ആയുർവ്വേദ ചികിത്സയോളം വിശ്വാസം മറൊരു ചികിത്സയിലും ഇല്ലെന്നതന്നെയാണെൻെറ ധാരണ. ശസ്ത്രക്രീയകളിലും മറും പരിഷ്കൃത ചികിത്സാപദ്ധതികൾ കൂടുതൽ ഫലം ചെയ്യാൻ ഇടയുണ്ട്. ആയുർവ്വേദ വൈദ്യന്മാർ പൊതുവെ മോശക്കാരെന്നോ ചികിത്സാരീതി ആശാസ്യമല്ലെന്നോ പറയാൻ എനിക്കു സമ്മതമില്ല. വൈദ്യന്മാരിൽ ഏറിയ പങ്കും പണ്ഡിതന്മാരും, മഹാവിദ്വാന്മാരുമാണ്. ആയുർവ്വേദഭൂഷണം, വൈദ്യകലാനിധി, വൈദ്യശാസ്ത്രി മുതലായ ഗവൺമെൻറ് പരീക്ഷകൾ ജയിച്ചും പഴക്കവും പരിചയവും സമ്പാദിച്ചും മുൻപോട്ടു വരുന്നവരെ വേണ്ടുവോളം നോക്കിയാണല്ലോ ഗവൺമെൻറ് ഗ്രാൻറു നൽകുന്നത്. ഇങ്ങനെയിരിക്കെ ആയുർവ്വേദ വൈദ്യന്മാരുടെ മേൽ ഇവിടെ കേട്ട ആരോപണങ്ങൾ ആരോപണങ്ങളായി മാത്രം വിചാരിക്കേണ്ടതാണ്. ഒരുപക്ഷേ അപണ്ഡിതനും, ചികിത്സയിൽ അസമർത്ഥനുമായി കാണുന്ന വൈദ്യനെ മാറാനോ, ആയാൾക്കു നൽകുന്ന ഗ്രാൻറ് പിൻവലിക്കാനോ ഗവൺമെൻറിനും ഡിപ്പാർട്ടുമെൻറിനും സാധിക്കുന്നതാണല്ലോ. ഗ്രാൻറ് വാങ്ങുന്ന വൈദ്യന്മാരും ഗ്രാൻറ് വാങ്ങാത്ത വൈദ്യന്മാരും എത്രയോ മെച്ചമായ മാതൃകയിൽ വൈദ്യശാലകൾ ഇന്നു നടത്തിപ്പോരുന്നുണ്ട്. ഇവരും അപ്രാപ്തരാണെന്നോ അപണ്ഡിതരാണെന്നോ പറഞ്ഞാൽ നിവർത്തിയില്ല. ഈ കൂട്ടത്തിലും അവശസമുദായക്കാർ കുറയുമെന്നുള്ള കാര്യവും പറയാതിരിക്കാൻതരമില്ല. തിരുവനന്തപുരം ആയുർവ്വേദാശുപത്രിയിൽ ധാരാളം രോഗികൾ വന്നുകൊണ്ടിരിക്കുന്നതായി കാണുന്നു. ജനറൽ ആശുപത്രിയിലെ ചികിത്സയെക്കാൾ ആയുർവ്വേദാശുപത്രിയിലെ നാട്ടുചികിത്സ നാട്ടുകാർക്കു ഫലിക്കുമെന്നുള്ള അഭിപ്രായത്തിനു എന്തോണ്ടു ദൃഢതയുണ്ടെന്നതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

ന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇവിടെ കിടക്കകൾ വെറും ഇരുപത്തിയഞ്ചു മാത്രമേയുള്ളൂ. കിടത്തി ചികിത്സിക്കേണ്ട രോഗികൾ എണ്ണത്തിൽ കൂടുതൽ ചെന്നാൽ ആശുപത്രി അധികാരികൾ വിഷമിക്കേണ്ടതായിട്ട് വരുന്നു. ഇതിലേക്കെല്ലാം കഴിയുന്നതും കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറുകാരും ഗവൺമെൻറും പ്രത്യേകം ശ്രദ്ധിച്ചു കാണുമാൻ താല്പര്യപ്പെടുന്നു.

സർ, ഇനിയും ഇപ്പോഴത്തെ ആയുർവ്വേദ ഡയറക്ടരുടെ ശേഷിക്കുറവിനെക്കുറിച്ചു് പറഞ്ഞതിനെപ്പറ്റി ഒന്നു പറയുവാനുള്ളതേയുള്ളൂ. ഡയറക്ടർ അപ്രാപ്തനാണെന്നു അഭിപ്രായപ്പെട്ടവരോടു് യോജിക്കാൻ നിവൃത്തിയില്ല. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനക്കുറവുകൊണ്ടു് മാത്രം അദ്ദേഹത്തിൻറെ ശേഷിക്കുറവിനെ സാക്ഷിപ്പെടുത്താൻ തുനിയുന്നതു ആശാസ്യമല്ല. ഇപ്പോഴത്തെ ആയുർവ്വേദ ഡയറക്ടർ അഷ്ടവൈദ്യന്മാരിൽ പ്രമുഖനും ഒരു മഹാവൈദ്യനുമാണെന്നാണെൻറെ അഭിപ്രായം. ഇംഗ്ലീഷ് പരിജ്ഞാനം കുറയുമെന്നു കണ്ടിട്ടായിരിക്കുമല്ലോ അദ്ദേഹത്തിനു ഹജൂർ സൂപ്രണ്ടന്മാരുടെ ഗ്രേഡിൽ ഒരു പേഴ്സനൽ അസിസ്റ്റൻറിനെ അനുവദിച്ചു കാണുന്നതു്. ഏതായാലും ആരോപണങ്ങളും മുഴുവനും സാർത്ഥകങ്ങളാണെന്നു സമ്മതിക്കുന്നവരുടെ സംഖ്യ കുറയുമെന്നു തന്നെയാണു് എൻറെ അഭിപ്രായം. ഈ ഡിപ്പാർട്ടുമെൻറിൻറെ പുരോഗമനത്തെ ഗണ്യമായി സഹായിക്കേണ്ട ആവശ്യം ഒരിക്കൽക്കൂടി പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഇങ്ങനെ ഉപസംഹരിച്ചുകൊള്ളുന്നു.

MR. G. NARAYANAN TAMPI (*Secretary to Government*): Government greatly appreciate the concern and solicitude by the honourable members for the increased efficiency of the Department, of which every one has justly to be proud. In fact, the burden of the criticism was about the personality or say rather the personnel—of the Directorate. Opinion has been almost unanimous in that the Director happens to be a great vaidyan of considerable tradition and talents, a perfect gentleman absolutely honest and all that a person at the head of an important institution ought to be except in the mischance that he is not an English scholar. I may assure the honourable members, that Government were fully aware that he is not conversant in English as other heads of the Departments happen to be, but what was lost in speed is greatly gained in power. Government were really anxious and always will be anxious, as honourable members of the House are also anxious, in maintaining unimpaired the efficiency and usefulness of the Ayurveda system, which is peculiar to India. And our system of Ayurveda in Kerala is greater in certain aspects, which, it is the in-

LIBRARY ARCHIVES Kerala Legislative Assembly

terest of Government to foster and develop. Recently the *Pancha-karma* system of treatment was introduced in the Trivandrum Hospital. Government were anxious to secure the service of one of the great traditional talents of the science of art and practice of Ayurveda and they consider it their good fortune that they were able to get no less a personage than the Cheerattaman Musu, one having a glorious tradition and an illustrious ancestry, who were royal patrons in the great functions like Murajapom, and were great Vaidyans here. I do not want to imitate Mr. Narayana Pillai and go into the mythology of it but it is highly significant that family has asserted its high standard of Ayurvedic practice, Ayurvedic knowledge and Ayurvedic culture and efficiency to the people with the grace of an *Ishta Devatha*. I would strongly congratulate the Government in selecting that person or rather that personage, so far as Ayurveda is concerned, to preside over the Department and its activities. Honourable members will be aware that it is barely two years since he assumed charge of the Department and it is almost too short a period to leave any indelible impression of that personality in the Department. He does not know English well and he is a bit handicapped in understanding intricate correspondence... ... ...

PRESIDENT: Order, order. The time for the demand is over.

MR. VARKALA K. MADHAVAN: I withdraw my motion.

The motion was, by leave, withdrawn.

The question that Government be granted a sum of Rs. 85,398 Under Demand XIX-Ayurveda, was put to vote and carried. The grant was made.

DEMAND XX—FORESTS.

The question that Government be granted a sum of Rs. 8,44,335 under Demand XX—Forests was put to vote and carried.

The grant was accordingly made.

DEMAND XXI—REGISTRATION.

The question that Government be granted a sum of Rs. 3,27,700 under Demand XXI—Registration, was put to vote and carried.

The grant was accordingly made.

DEMAND XXII—STAMPS.

The question that Government be granted a sum of Rs. 71,700 under Demand XXII—Stamps was put to vote and carried.

The grant was made.

DEMAND XXIII—CURRENCY AND MINT.

The question that Government be granted a sum of Rs. 5,500 under Demand XXIII—Currency and mint was put to vote and carried.

The grant was made.

DEMAND XXIV—PORTS

The question that Government be granted a sum of Rs. 28,100 under Demand XXIV—ports was put to vote and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly